## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 246 — 21.06.2012 ൽ മറുപടിക്ക്

### തുടർ സാക്ഷരതാ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എം. ഹംസ<br>ഡോ. കെ. ടി. ജലീൽ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടർ സാക്ഷരതാ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; എന്തെല്ലാം പ്രവർത്തനങ്ങളാണിപ്പോൾ നിലച്ചിരിക്കുന്നത്; കാരണം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളൊന്നും ഇപ്പോൾ നിലച്ചിട്ടില്ല. സംസ്ഥാനത്ത് 4, 7, 10 സാക്ഷരതാ തുല്യതാ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. മാത്രമല്ല കേരളത്തിൽ പരിപൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം (നാലാം തരം) കൈവരിക്കുന്നതിന് ഒട്ടുമിക്ക ജില്ലകളിലും ഇതിനായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പത്താംതരം തുല്യതാ പരീക്ഷയ്ക്ക് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവർക്കുള്ള പരീക്ഷ എപ്പോൾ നടത്തേണ്ടതായിരുന്നു; ഇതിന് താമസം നേരിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്; | (ബി) | ഈ വർഷം പരീക്ഷ നടക്കാനിരിക്കുന്ന ആറാം ബാച്ചിൽ 32,953 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ വർഷവും പത്താം തരം തുല്യതാപരീക്ഷ ആഗസ്റ്റ് മാസത്തിലാണ് നടന്നുവരുന്നത്. ഈ വർഷവും ഇവർക്കുള്ള പരീക്ഷ 2012 ആഗസ്റ്റിൽ നടത്താനാണ് തുല്യതാബോർഡിൽ തീരുമാനിച്ചിരിക്കുന്നത്. |
| (സി) | 2010-11 വർഷത്തിൽ തന്നെ പാഠപുസ്തകത്തിന്റെ പരിഷ്കരണം പൂർത്തിയായിട്ടുണ്ടായിരുന്നുവോ; എങ്കിലിപ്പോഴും പുസ്തകം വിദ്യാർത്ഥികൾക്ക് ലഭിക്കാതിരി ക്കുന്നത് എന്തുകൊണ്ടാണ്; | (സി) | ഇല്ല. 2011 ജൂൺ മാസത്തിൽ പൂർത്തിയായി. 2011 ഒക്ടോബറിൽ ആരംഭിച്ച ആറാം ബാച്ചിൽ 2012 ജനുവരിയിൽ എല്ലാ ജില്ലകൾക്കും പുസ്തകങ്ങൾ വിതരണത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നാലാംക്ലാസ്സ് തുല്യതാപരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ? | (ഡി) | നാലാം തരം തുല്യത പരീക്ഷ ഇതുവരെ 7 ബാച്ചുകളാണ് നടന്നിട്ടുള്ളത്. ഏഴ് ബാച്ചുകൾ വരെയുള്ള പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ